**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1132** **27-07-2021 - ൽ മറുപടിയ്ക്ക്**

**തോലന്നൂർ ആർട്സ് ആന്റ് സയൻസ് കോളേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. സുമോദ് | | **Dr. R. Bindu**<br>**(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | തരൂർ മണ്ഡലത്തിലെ തോലന്നൂർ സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജിന്റെ സമഗ്ര വികസനത്തിന് ഏതെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തു വരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | തോലന്നൂർ കോളേജ് സ്ഥാപിക്കുന്നതിനായി പാലക്കാട് ജില്ലയിൽ ആലത്തൂർ താലൂക്ക് കുത്തന്നൂർ വില്ലേജിലെ, ബ്ലോക്ക് നമ്പർ 10 റീ സർവേ നമ്പർ 209/210 എന്നിവയിലുൾപ്പെട്ട 5.3 ഹെക്ടർ ഭൂമി ഉപയോഗിക്കുന്നതിന് മുൻകൂർ കൈവശ അനുമതി ലഭ്യമായിട്ടുണ്ട്. അടിയന്തിരമായി പ്രസ്തുത ഭൂമിയിൽ കോളേജിന് ആവശ്യമായ കെട്ടിടങ്ങൾ നിർമ്മിച്ച് പ്രസ്തുത കെട്ടിടത്തിലേക്ക് കോളേജ് മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) | പ്രസ്തുത ക്യാമ്പസിനുള്ള കെട്ടിടവും അനുബന്ധ നിർമ്മാണങ്ങളും എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വെളിപ്പെടുത്താമോ; | (ബി) | പ്രസ്തുത ഭൂമിയിൽ കോളേജ് കെട്ടിടങ്ങളും അനുബന്ധ നിർമ്മാണങ്ങൾക്കുമുള്ള പ്രൊപ്പോസൽ തയ്യാറാക്കി വരുന്നു. |
| (സി) | പ്രസ്തുത കോളേജിൽ ഏതൊക്കെ പുതിയ കോഴ്സുകൾ അനുവദിക്കാൻ കഴിയുമെന്ന് അറിയിക്കാമോ? | (സി) | 05/11/2020 തീയതിയിലെ സ.ഉ.(എം.എസ്) നം.389/2020 പ്രകാരം എം.എസ്.സി ജോഗ്രഫി അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ